# ക്നാനായക്കാരുടെ ഒത്തുകല്ല്യാണം

**കാർമ്മി:** ഇന്നു നമുക്കൊരു സുദിനമാണ്. സ്നേഹം പങ്കുവച്ച്, പരസ്പരം ഒന്നുചേർന്ന്, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകാനുള്ള അവിടുത്തെ ക്ഷണം സ്വീകരിച്ച്, ഈ യുവതീയുവാക്കൾ ഇപ്പോൾ വിവാഹവാഗ്ദാനം നടത്തുവാൻ പോവുകയാണ്. ഇവരുടെ ആശകളും പ്രത്യാശകളും സഫലമാകുന്നതിനും ഈ വിവാഹ വാഗ്ദാനം അഭംഗുരം പാലിക്കപ്പെടുന്നതിനും വേണ്ടി ഈ മംഗളകർമ്മം മാർത്തോമ്മായെ അനുസ്മരിച്ചു കൊണ്ട് നമുക്ക് ആരംഭിക്കാം.

*(കാർമ്മികനും സമൂഹവും ഒരുമിച്ച്)*

മാർത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരണമേ ഇന്ന്.
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മെ എഴുന്നൾക വേണം.

കാരണമായവരെല്ലാരും കൂടീട്ട്
നന്മ വരുത്തിത്തരേണം.
ആലാഹാ നായനും അമ്പൻ മിശിഹായും
കൂടെ തുണയ്ക്കയിവർക്ക്.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. / ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. / ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. / ഞങ്ങളേ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. / എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. / മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു അബ്രാഹം തുടങ്ങിയ പൂർവ്വപിതാക്കന്മാരുടെ ദാമ്പത്യ ജീവിതത്തെ അനുഗ്രഹിക്കുകയും സഫലീകരിക്കുകയും ചെയ്തു. ഇപ്പോൾ വിവാഹ വാഗ്ദാനം ചെയ്യുന്ന ഈ യുവതിയേയും യുവാവിനേയും കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. ഇവരുടെ ജീവിതത്തിലേക്ക് അവിടുത്തെ സ്നേഹത്തിന്റെ മുന്തിരിച്ചാറു പകരണമെ. ഹൃദയങ്ങളെ പരിശോധിക്കുന്നവനായ കർത്താവേ, ഈ യുവതീയുവാക്കളുടെ അന്തർഗതം അവിടുന്ന് അറിയുന്നുവല്ലോ. ഇവരുടെ അന്തരംഗങ്ങളിലേക്ക് അവിടുത്തെ അരൂപിയെ അയച്ച് സൈര്യം പകരണമെ. ഹൃദയപൂർവ്വം നിഷ്ക്കളങ്കമായി അങ്ങിൽ ആശ്രയിച്ച് വിവാഹ സമ്മതം നടത്താൻ ഈ ദാസർ പ്രാപ്തരായി ഭവിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാന്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** അങ്ങു ഞങ്ങൾക്കു നൽകിയിട്ടുള്ളതും ഞങ്ങളുടെ കൃതജ്ഞതക്കു അതീതവുമായ അങ്ങയുടെ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടി നിൽക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീ അരുളുന്നു
അക്ഷയമവനുടെ ആത്മാവിൻ
ഉത്തമരക്ഷയുമേകുന്നു.

**വി. ഗ്രന്ഥവായന**

**കാർമ്മി:** തോബിത്ത് തന്റെ പുത്രനായ തോബിയാസ് വിവാഹ സന്നദ്ധനായി പുറപ്പെടുന്ന വേളയിൽ നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സമൂഹത്തിനും പ്രതിശ്രുത വരനും വധുവിനും മാർഗ്ഗരേഖകളായിത്തീരട്ടെ.

**ശുശ്രൂഷി:** **തോബിത്തിന്റെ പുസ്തകം നാലാം അദ്ധ്യായം 12ഉം 13ഉം തിരുവചനങ്ങൾ.**

എല്ലാത്തരം അധാർമ്മികതയിലും നിന്ന് നിന്നെ കാത്തുകൊള്ളുക. നിൻെറ പൂർവ്വികരുടെ ഗോത്രത്തിൽ നിന്നും മാത്രം ഭാര്യയെ സ്വീകരിക്കുക. അന്യജനതകളിൽ നിന്നും വിവാഹം ചെയ്യരുത്. നാം പ്രവാചകന്മാരുടെ സന്തതികളാണ്. മകനേ, നമ്മുടെ പൂർവ്വ പിതാക്കന്മാരായ നോഹ്, അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരെല്ലാം തങ്ങളുടെ ചാർച്ചക്കാരുടെ ഇടയിൽ നിന്നാണ് ഭാര്യമാരെ തെരഞ്ഞെടുത്തത് എന്ന കാര്യം നീ അനുസ്മരിക്കണം. സന്താനങ്ങൾവഴി അവർ അനുഗ്രഹീതരായി, അവരുടെ പിൻതലമുറ ദേശം അവകാശമാക്കും. അതിനാൽ മകനേ, നിൻെറ സഹോദരന്മാരെ സ്നേഹിക്കുക, നിൻെറ ചാർച്ചക്കാരിൽ നിന്ന്, നിൻെറ ജനത്തിൻെറ മക്കളിൽ നിന്ന് ഭാര്യയെ സ്വീകരിക്കാതെ അവരെ നിന്ദിക്കരുതെ. അഹങ്കാരം വിനാശവും അരാജകത്വവും വരുത്തും. അലസത നാശത്തിനും പട്ടിണിക്കും നിദാനമാകുന്നു. കാരണം അലസതയാണ് ദാരിദ്രത്തിൻെറ മാതാവ്.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹാക്കു സ്തുതി.

**കാർമ്മി:** നല്ലവനായ കർത്താവേ, ഞങ്ങളുടെ പൂർവ്വികന്മാരിൽ അങ്ങയുടെ പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. കാരണവന്മാരോടുള്ള ഭക്തിയിൽ ഞങ്ങളെ വളർത്തണമെ. ഞങ്ങളുടെ പിതാക്കന്മാരോടൊത്തു ഉണ്ടായിരുന്നതുപോലെ അവിടുത്തെ കൃപ ഇന്നും എന്നും ഞങ്ങളെ വഴി നടത്തട്ടെ.

**സമൂഹം:** കർത്താവേ ഞങ്ങൾ അങ്ങയുടെ ജനവും അങ്ങു ഞങ്ങളുടെ ദൈവവുമാകുന്നു. ഞങ്ങളുടെ പ്രാർത്ഥന അവിടുന്നു ചെവിക്കൊള്ളണമെ.

### കാറോസൂസാ പ്രാർത്ഥന

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടും കൂടെ നിന്ന് കർത്താവേ, ഞങ്ങളോട് കൃപ ചെയ്യണമേ എന്ന് പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ ഞങ്ങളോട് കൃപ ചെയ്യണമേ.

**ശുശ്രൂഷി:** ഈ മംഗളകർമ്മത്തിനു ഇവിടെ സന്നിഹിതരായിരിക്കുന്ന ---- നേയും ----- നേയും ദൈവീക നന്മകൾ നൽകി അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളോട് കൃപ ചെയ്യണമേ.

**ശുശ്രൂഷി:** ഇവർ ചെയ്യുന്ന വാഗ്ദാനം വേണ്ട വിധം പൂർത്തിയാക്കുവാൻ ദൈവത്തിൻെറ സംരക്ഷണം ഇവർക്ക് സദാ ഉണ്ടാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളോട് കൃപ ചെയ്യണമേ.

**ശുശ്രൂഷി:** ഇന്നു പരസ്പരം ബന്ധം ആരംഭിക്കുന്ന രണ്ടു കുടുംബങ്ങൾ സ്നേഹത്തിലും ഐക്യത്തിലും വളരുവാൻ ഇടയാക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളോട് കൃപ ചെയ്യണമേ.

**ശുശ്രൂഷി:** ഇവിടെ സന്നിഹിതരാവുകയും നിൻെറ ഈ ദാസർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരുടെ മേലും കൃപ ചൊരിയണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ -----

**കാർമ്മി:** കർത്താവേ, ശക്തനായ ദൈവമേ, ബലഹീനരെ ശക്തിപ്പെടുത്തുന്നവനേ നിൻെറ ദാസർ ചെയ്യുന്ന വിവാഹ വാഗ്ദാനം നിർവിഘ്നം പൂർത്തിയാക്കാനുള്ള മനസ്സും സന്നദ്ധതയും നൽകി ഇവരെ അനുഗ്രഹിക്കണമേ, നിത്യനായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** (വരനോട്) (പേര്) --- മിശിഹായുടെ നിയമവും തിരുസ്സഭയുടെ നടപടികളുമനുസ്സരിച്ച് ഈ (പേര്) ------ നെ ഭാര്യയായി സ്വീകരിച്ചുകൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

**വരൻ:** വാഗ്ദാനം ചെയ്യുന്നു.

**കാർമ്മി:** (വധുവിനോട്) (പേര്) --- മിശിഹായുടെ നിയമവും തിരുസ്സഭ യുടെ നടപടികളുമനുസ്സരിച്ച് ഈ (പേര) ഈ----യെ നിൻെറ ഭർത്താവായി സ്വീകരിച്ചുകൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

**വധു:** വാഗ്ദാനം ചെയ്യുന്നു.

**കാർമ്മി:** നിങ്ങളുടെ ഈ ഉടമ്പടിക്ക് വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവവും നിങ്ങളുടെ കാരണവന്മാരും ഇവിടെയുള്ള മറ്റെല്ലാവരും സാക്ഷികളാണ്. കർത്താവ് നിങ്ങളെ ആശീർവ്വദിക്കുകയും നിങ്ങൾ ചെയ്ത വാഗ്ദാനം പൂർത്തിയാക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യട്ടെ. + ആമ്മേൻ.

### *കാരണവന്മാർ വലതു കരങ്ങൾ പിടിക്കുമ്പോൾ*

**കാർമ്മി:** ഉടമ്പടികൾ ചെയ്യുന്നവനും അവയെ വിശ്വസ്തതയോടെ പാലിക്കുന്നവനും പാലിക്കാൻ സഹായിക്കുന്നവനുമായ കർത്താവേ, നിൻെറ ദാസർ ചെയ്യുന്ന ഈ ഉടമ്പടിയെ നീ സ്ഥിരീകരിക്കണമെ. ഇപ്പോൾ ചെയ്ത വിവാഹ വാഗ്ദാനം പൂർത്തിയാക്കുവാൻ നിൻെറ ദാസരായ ----യും ----യും (പേരുകൾ) അവരുടെ കാരണവന്മാരായ ഇവരേയും കുടുംബാംഗങ്ങളേയും അനുഗ്രഹിക്കണമെ. അവിടുത്തെ സ്നേഹവും പരിരക്ഷണവും ഇവരുടെ മേലും ഈ സമൂഹത്തിൻെറ മേലും ഉണ്ടാകുമാറാ കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും ആമ്മേൻ.